Draft #2 of File 40792/EI 32/2/2019/EI 32 Approved by ASSISTANT REGISTRAR II (ACADEMIC) on 11-Jun-2020 11:52 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അക്കാദമികം- ഗ്രേസ് മാർക്ക്- CPAS- ബി ടെക് വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് വിതരണം- ഓരോ പേപ്പറിനും വിതരണം ചെയ്യേണ്ട ഗ്രേസ് മാർക്ക് കണക്കാക്കുമ്പോൾ ദശാംശം വരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് മാർക്ക് നഷ്ടം വരാതെ വിതരണം ചെയ്യുന്നതിനുള്ള തീരുമാനം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 8 സെക്ഷൻ**

നമ്പർ. 2570/AC A 8/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 15.06.2020

---

*പരാമർശം:*-1) 16.04.2016-ലെ 2205/01/Ac AVIII/2016 നമ്പർ സർവകലാശാലാ ഉത്തരവ്.

2) 26.05.2020-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം 77/20.02/40792/EI32/2/2019.

**ഉത്തരവ്**

സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (CPAS) ന്റ കീഴിൽ പ്രവർത്തിക്കുന്ന തൊടുപുഴ, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിങ്ങിലെ ബി.ടെക്ക് വിദ്യാർത്ഥികൾ മഹാത്മാഗാന്ധി സർവകലാശാലാ യൂത്ത് ഫെസ്റ്റിവൽ-2019 ൽ പങ്കെടുത്ത് വിജയിച്ചതിന് അർഹമായ ഗ്രേസ് മാർക്ക്, പരീക്ഷയിൽ ലഭിച്ച മാർക്കിന് ഒപ്പം കൂട്ടിച്ചേർക്കുന്നതിനായി അപേക്ഷകൾ സമർപ്പിച്ചിരുന്നു. പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബാധകമായ പരാമർശം (1) സർവകലാശാലാ ഉത്തരവ് പ്രകാരം വിദ്യാർത്ഥികൾക്ക് 2 ശതമാനം ഗ്രേസ് മാർക്കിന് അർഹതയുണ്ട്. ടി ഉത്തരവിലെ "Eligible grace marks shall be distributed equally on all papers/courses of an examination" എന്നുള്ള മൂന്നാം മാർഗ്ഗനിർദ്ദേശം അനുസരിച്ച് ഓരോ പേപ്പറിനും നൽകേണ്ട ഗ്രേസ് മാർക്ക് കണക്കാക്കുമ്പോൾ ദശാംശ സംഖ്യ ലഭിക്കുന്നുണ്ട്. ദശാംശ ഭാഗം ഒഴിവാക്കി വിതരണം ചെയ്താൽ സെമെസ്റ്ററിൽ ആകെ ലഭിക്കേണ്ട ഗ്രേസ് മാർക്കിൽ കുറവ് വരുന്നു. ഗ്രേസ് മാർക്ക് തുല്യമായി വീതിക്കുമ്പോൾ/ജയിക്കാനാവശ്യമായ ഗ്രേസ് മാർക്ക് നൽകിയ ശേഷം വീതിക്കുമ്പോൾ, ദശാംശം വരുന്ന സാഹചര്യത്തിൽ മാർക്ക് നഷ്ടമുണ്ടാകാതെ വിദ്യാർത്ഥികൾക്ക് സഹായകരമായി, മാർക്ക് കുറവുള്ള വിഷയങ്ങൾക്ക് നൽകാവുന്ന രീതിയിൽ പ്രസ്തുത മാർഗ്ഗ നിർദ്ദേശത്തിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുന്നതിനായി ഫയൽ സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിച്ചിരുന്നു.

26.05.2020-ൽ ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം, പരാമർശം (2) പ്രകാരം, ' 16.04.2016-ലെ 2205/01/AcAVIII/2016 നമ്പർ സർവകലാശാലാ ഉത്തരവ് പ്രകാരം എഴുത്ത് പരീക്ഷയ്ക്ക് അർഹതയുള്ള 2 ശതമാനം ഗ്രേസ് മാർക്ക് തുല്യമായി വീതിക്കുമ്പോൾ/ ജയിക്കാനാവശ്യമായ ഗ്രേസ് മാർക്ക് നൽകിയ ശേഷം, വീതിക്കുമ്പോൾ ദശാംശം വരുന്ന സാഹചര്യത്തിൽ മാർക്ക് നഷ്ടമാകാതെ വിദ്യാർത്ഥികൾക്ക് സഹായകരമായി മാർക്ക് കുറവുള്ള

വിഷയങ്ങൾക്ക് നൽകുന്നതിന് തീരുമാനിച്ച്

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വൈസ് ചാൻസലറുടെ/ പ്രോ വൈസ് ചാൻസലറുടെ പി.എസ്
2) രജിസ്ട്രാറുടെ/പരീക്ഷ കൺട്രോളറുടെ പി.എ.
3) എ.ആർ/ ഡി.ആർ/ ജെ.ആർ(അക്കാദമിക്/ പരീക്ഷ).
4) സിസ്റ്റം അഡ്മിനിസ്ട്രേറ്റർ/ CETEX
5) കണ്ടെന്റ് മാനേജ്‌മെന്റ് സെൽ/ഐക്യുഎസി
6) ടാബുലേഷൻ സെക്ഷൻ
7) എസി.സി I സെക്ഷൻ.
8) കരുതൽ ഫയൽ/ ഫയൽ പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 40792/EI 32/2/2019/EI 32 Approved by ASSISTANT REGISTRAR II (ACADEMIC) on 11-Jun-2020 11:52 AM - Page 2